(ബി) പ്രസ്തുത ഫയർ &റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ;

(സി) ആയത് അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നെടുങ്കണ്ടത്ത് ഫയർ & റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം അഗ്നിശമന സേനാ വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല.

(ബി & സി) ഇടുക്കി ജില്ലയിൽ നെടുങ്കണ്ടത്ത് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള കൽകൂന്തൽ വില്ലേജിൽ സർവ്വേ നമ്പർ 143/1-ൽപ്പെട്ട 82.43 സെന്റ് സ്ഥലം ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയും പ്രസ്തുത സ്ഥലം ഫയർ ആന്റ് റസ്ക്യൂ വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിലാണ് ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ മുൻഗണന നൽകിവരുന്നത്. സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ഉപയോഗശൂന്യമായ വാഹനങ്ങൾ

234 (3746) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിന്റെ കീഴിൽ എത്ര വാഹനങ്ങൾ ഉണ്ട്; ഓരോ വിഭാഗങ്ങളിലുള്ളവയുടെ കണക്ക് പട്ടികതിരിച്ച് നൽകാമോ; അവയിൽ പോലീസിന്റെ ഉപയോഗത്തിലുള്ളവ എത്ര; ഉപയോഗശൂന്യമായവ എത്ര; ഏതെല്ലാം വിഭാഗത്തിലുള്ളവ ;

(ബി) നിലവിൽ ഓരോ പോലീസ് ഓഫീസുകളിലും ഓരോ വിഭാഗത്തിലുമുള്ള ഉപയോഗശൂന്യമായ വാഹനങ്ങൾ എത്രയാണ്;

(സി) പോലീസ് ക്യാമ്പുകൾ, ഓഫീസുകൾ, പോലീസ് സ്റ്റേഷനുകൾ എന്നിവയിൽ നന്നാക്കി എടുക്കാവുന്ന വകുപ്പുതല വാഹനങ്ങൾ പോലും ഉപയോഗശൂന്യമായിക്കിടന്ന് നശിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ പൊതുമുതൽ നശിക്കുന്നത് കർശനമായി തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ആഭ്യന്തര വകുപ്പിന്റെ കീഴിൽ 8153 വാഹനങ്ങളുണ്ട്. വാഹനങ്ങളുടെ എണ്ണം പട്ടിക തിരിച്ച് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* ഇവയിൽ പോലീസ് വകുപ്പിന്റെ കീഴിൽ ഉപയോഗയോഗ്യമായി 6069 വാഹനങ്ങളും ഉപയോഗ ശൂന്യമായ 1041 വാഹനങ്ങളുമുണ്ട്. ഉപയോഗശൂന്യമായ വാഹനങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

(സി & ഡി) ഉപയോഗ യോഗ്യമായ വാഹനങ്ങളൊന്നുംതന്നെ ഇപ്രകാരം സൂക്ഷിച്ചിട്ടില്ല. അറ്റകുറ്റപ്പണി ചെയ്യുമ്പോൾ സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരുത്തുന്നവയായി കണ്ടിട്ടുള്ളതും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കനുസൃതമായി Condemnation /Auction നടത്തിയതും നടത്തിവരുന്നതുമായ വാഹനങ്ങളാണ് ഇപ്രകാരം ക്യാമ്പുകളിലും/ ഓഫീസ് പരിസരങ്ങളിലും സൂക്ഷിച്ചുവരുന്നത്.

വാഹനാപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം

235 (3747) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങൾ പോലീസിൽ റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

ഉത്തരം

(എ) വാഹനാപകടങ്ങളും മറ്റും പോലീസിൽ റിപ്പോർട്ട് ചെയ്യുന്നതിനായി ടോൾ ഫ്രീ നമ്പരായ '100', '1090' എന്നീ നമ്പരുകൾ നിലവിലുണ്ട്. കൂടാതെ ഹൈവേ അലർട്ട് നമ്പരായ '9846100100' എന്ന നമ്പരിലും അപകട വിവരങ്ങൾ വിളിച്ചറിയിക്കാവുന്നതാണ്. ഇതിനുപുറമെ തൊട്ടടുത്ത പോലീസ് സ്റ്റേഷനുകളിലും ഇക്കാര്യം അറിയിക്കുവാൻ സംവിധാനം നിലവിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly